**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3181** **13-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്നും 2011-16 കാലഘട്ടത്തെ പ്രവേശനം താരതമ്യം ചെയ്യുമ്പോൾ വ്യത്യാസം എത്രയാണെന്നും അറിയിക്കുമോ; | (എ) | 2016 മുതൽ 2021 വരെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.<br>2016 മുതൽ 2021 വരെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 13,28,893 ആണ്. 2011-16 കാലഘട്ടത്തെ പ്രവേശനം താരതമ്യം ചെയ്യുമ്പോൾ 36,330 കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | 2011-16 കാലഘട്ടത്തെ അപേക്ഷിച്ച് ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അഡ്മിഷൻ നേടുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പുതുതായി 2011-16 കാലഘട്ടത്തിൽ 316079 കുട്ടികളും 2016-21 കാലഘട്ടത്തിൽ 791073 കുട്ടികളും പൊതുവിദ്യാഭ്യാസത്തിൽ വന്നു ചേർന്നി ട്ടുണ്ട്. |
| (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനുശേഷം പുതിയതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ 2011-16 കാലഘട്ടത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനു ശേഷം പുതിയതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ 2011-16 കാലഘട്ടത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

| 2011-2016 | | | | 2016-2021 | | | |
|---|---|---|---|---|---|---|---|
| വർഷം | സർക്കാർ | എയ്ഡഡ് | ആകെ | വർഷം | സർക്കാർ | എയ്ഡഡ് | ആകെ |
| 2011-12 | 92168 | 188046 | 280214 | 2016-17 | 90913 | 159125 | 250038 |
| 2012-13 | 88874 | 168655 | 257529 | 2017-18 | 96913 | 164818 | 261731 |
| 2013-14 | 86782 | 162660 | 249442 | 2018-19 | 102697 | 169112 | 271809 |
| 2014-15 | 86688 | 163837 | 250525 | 2019-20 | 102529 | 165854 | 268383 |
| 2015-16 | 92462 | 162391 | 254853 | 2020-21 | 105472 | 171460 | 276932 |
| ആകെ | 446974 | 845589 | 1292563 | ആകെ | 498524 | 830369 | 1328893 |